# എം ജി ബിരുദ ഏകജാലക പ്രവേശനം: സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കുള്ള പ്രവേശനം

സ്പോർട്സ്/കൾച്ചറൽ/ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 09 /08/ 2021 ആണ്. ഇതിനു ശേഷം പ്രസ്തുത പ്രോഗ്രാമുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതല്ല. ആയതിനാൽ പ്രസ്തുത വിഭാഗങ്ങൾക്കായി സംവരണം ചെയ്ത സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനു ആഗ്രഹിക്കുന്നവർ 09/08/ 2021 മുൻപായി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. ഇതിനായി ആദ്യം ഏകജാലകത്തിലൂടെ അപേക്ഷിച്ച് അപേക്ഷ സബ്മിറ്റ് ചെയ്യണം. തുടർന്ന് ഓൺലൈൻ അപേക്ഷയിലെ "My Messages" ൽ ലഭ്യമാവുന്ന "Click here to apply for Sports/Cultural /PD quota" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങളും ഓപ്ഷനുകളും നൽകേണ്ടതാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് തെറ്റുകൾ വരുത്താതിരിക്കുക:**രജിസ്ട്രേഷൻ സമയത്ത് പരീക്ഷാ ബോർഡ് തെരഞ്ഞ്ഞെടുക്കുന്നതിൽ പല അപേക്ഷകരും തെറ്റു വരുത്തുന്നതായി കണ്ട് വരുന്നു. പ്രാഥമിക രജിസ്ട്രീഷൻ പേജിലെ പേര്, മൊബൈൽ നം , ഐ മെയിൽ ഐ ഡി, സംവരണ വിഭാഗം, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ , ജനനത്തീയതി എന്നിവയിൽ മാറ്റം വരുത്തുന്നതിന് സാധിക്കുന്നതല്ല. ആയതിനാൽ പ്രാഥമിക രജിസ്ട്രേഷൻ പേജിലെ വിവരങ്ങൾ കൃത്യമാണെന്നുറപ്പ് വരുത്തിയ ശേഷം മാത്രം രജിസ്റ്റർ ചെയ്യുക.

പേമെന്റ് ഫെയിലിയറുകൾ ഉണ്ടാവുന്ന സാഹചര്യത്തിൽ അപേക്ഷകർക്ക് തങ്ങളുടെ ഓൺലൈൻ അപേക്ഷയിലെ "My Account " എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് " Check your payment" എന്ന ഓപ്ഷൻ ഉപയോഗിച്ച് പേമെന്റ് സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ഇതിനു ശേഷവും പേമെന്റ് സ്റ്റാറ്റസ് ഫെയിൽഡ് കാണിക്കുകയാണെങ്കിൽ മാത്രം രണ്ടാമത് ഫീസ് ഒടുക്കുന്നതിനു ശ്രമിക്കുക. ഒരു പേമെന്റ് ഫെയിലിയർ നു ശേഷം ഉടനെ തന്നെ വേറൊരു പേമെന്റ് ശ്രമിക്കാതിരിക്കുക.

അപേക്ഷകൾ ഫൈനൽ സബ്മിട് ചെയ്ത അപേക്ഷകർക്ക് തങ്ങളുടെ അപേക്ഷയിലെ പേര്, രജിസ്റ്റർ നം , പരീക്ഷാ ബോർഡ്, മൊബൈൽ നാം, ഇ മെയിൽ ഐ ഡി, സംവരണ വിഭാഗം എന്നിവയൊഴികെയുള്ള വിവരങ്ങൾ തിരുത്തിന്നതിനും ഓപ്ഷനുകൾ പുതുതായി നൽകുന്നതിനും ഒഴിവാക്കുന്നതിനും പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം ട്രയൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം 18 / 08 / 2021 മുതൽ 24 / 08 / 2021 വരെയുള്ള കാലയളവിൽ ലഭ്യമായിരിക്കുന്നതാണ്.